## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.245 — 27/02/2017-ൽ മറുപടിക്ക്

### ട്രെയിനിങ് കാലയളവ് സർവീസായി പരിഗണിക്കുന്നത്

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്സിൽ ഫയർമാൻ തസ്തികയിലേക്ക് ഒരു വർഷത്തെ ട്രെയിനിംഗ് പൂർത്തീകരിച്ചതിന് ശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് ട്രെയിനിങ് കാലയളവ് സർവ്വീസായി പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) ട്രെയിനിംഗ് പൂർത്തീകരിച്ചതിന് ശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് ട്രെയിനിങ് കാലയളവ് സർവ്വീസായി പരിഗണിച്ചുകൊണ്ട് 19/06/2012ലെ സ.ഉ.(എം.എസ്.) 161/2012/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 19/06/2012ൽ ഈ സർവ്വീസിലുള്ള എല്ലാ ജീവനക്കാർക്കും ബാധകമാണ്. |
| ബി) ട്രെയിനിംഗ് പൂർത്തികരിച്ചതിന് ശേഷം ഫയർ ആന്റ് റസ്ക്യൂ സർവീസിൽ ജോലിയിൽ പ്രവേശിച്ചവരിൽ നിന്ന് മറ്റു സർക്കാർ വകുപ്പുകളിലേക്ക് റിലീവ് ചെയ്തുപോയവർക്ക് ഈ ആനുകൂല്യം നിലവിൽ ലഭ്യമാണോ; | ബി) 19/06/2012ന് ശേഷം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് മറ്റു വകുപ്പുകളിലേയ്ക്ക് പോയവർക്കും 19/06/12ലെ സ.ഉ.(എം.എസ്.) 161/2012/ആഭ്യന്തരം നമ്പർ ഉത്തരവ് ബാധകമാണ്. |
| സി) ട്രെയിനിംഗ് പൂർത്തികരിച്ചതിന് ശേഷം പോലിസ് സർവീസിൽ ജോലിയിൽ പ്രവേശിച്ചവരിൽ നിന്ന് മറ്റു സർക്കാർ വകുപ്പുകളിലേക്ക് റിലീവ് ചെയ്തു | സി) ട്രെയിനിംഗ് പൂർത്തികരിച്ചതിന് ശേഷം പോലിസ് സർവീസിൽ ജോലിയിൽ പ്രവേശിച്ചവരിൽ നിന്ന് |

| | | | |
|---|---|---|---|
| | പോയവർക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | മറ്റു സർക്കാർ വകുപ്പു കളിലേക്ക് റിലീവ് ചെയ്തു പോയവർക്ക് പോലീസ് പരിശീലന കാലം സർവ്വീസായി പരിഗണിച്ചുകൊണ്ട് 23/05/2016ൽ സ.ഉ.(എം.എസ്.) 160/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധ മായി ചേർക്കുന്നു. |
| ഡി) | ഫയർ & റസ്ക്യൂ സർവീസിൽ ജോലിയിൽ പ്രവേശിച്ചവരിൽ നിന്ന് മറ്റു സർക്കാർ വകുപ്പു കളിലേക്ക് റിലീവ് ചെയ്തു പോയവർക്കും ഈ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരി ക്കുമോ? | ഡി) | പ്രസ്തുത ആനുകൂല്യം 19/06/2012ൽ ഈ വകുപ്പിൽ ബന്ധപ്പെട്ട തസ്തികയിൽ തുടരുന്ന ജീവന ക്കാർക്ക് മാത്രമായി പരിമിതപ്പെ ടുത്തിയിരുന്നു. 19/06/2012ന് മുൻപ് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ശേഷം വിടുതൽ ചെയ്ത് മറ്റു വകുപ്പുകളിലേയ്ക്ക് പോയവർക്കും പ്രസ്തുത ആനുകൂല്യം നൽകണ മെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം.</u>

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി നിരവധി വർഷം സേനയിൽ ജോലി ചെയ്തതിനുശേഷം മറ്റ് സർക്കാർ സർവ്വീസുകളിലേക്ക് റിലീവ് ചെയ്ത് പോയവർക്ക് പോലീസ് പരിശീലന കാലം സർവ്വീസായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 160/2016/ആഭ്യ. തിരുവനന്തപുരം, തീയതി: 23.05.2016

---

പരാമർശം: (1) 01.03.2011 ലെ സ.ഉ (എംഎസ്) 80/2011/ആഭ്യ. നമ്പർ ഉത്തരവ്.

(2) 22.08.2011 ലെ സ.ഉ (എം.എസ്) 185/2011/ആഭ്യ.നമ്പർ ഉത്തരവ്

(3) സംസ്ഥാന പോലീസ് മേധാവിയുടെ 22.12.2015-ലെ S7-185158/2015/PHQ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി പോലീസ് സേനയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അവരുടെ പരിശീലന കാലഘട്ടം സർവ്വീസായി പരിഗണിച്ചുകൊണ്ടും ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചുകൊണ്ടും സൂചന 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സൂചന 1-ലെ ഉത്തരവിൽ പരാമർശിച്ചിരുന്ന അഡ്വാൻസ് ഇൻക്രിമെന്റിനു പകരം ഒരു അഡീഷണൽ ഇൻക്രിമെന്റായിരിക്കും അനുവദിക്കുക എന്ന് ഭേദഗതി വരുത്തിയും ഇൻസർവ്വീസ് ട്രെയിനിംഗ് കാലയളവ് പുതുക്കിയ സ്കെയിലിൽ പേ ഫിക്സ് ചെയ്യുമ്പോൾ സർവ്വീസ് വെയിറ്റേജ് കണക്കാക്കാൻ യോഗ്യതാ കാലയളവായി എടുക്കാവുന്നതാണെന്നും പരിശീലന കാലയളവ് സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷന് പരിഗണിക്കുന്നതാണെന്നും സൂചന 2 പ്രകാരം ഉത്തരവായി

2) പോലീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കി സേനയിൽ ജോലി ചെയ്തതിനു ശേഷം മറ്റ് സർക്കാർ വകുപ്പുകളിലേയ്ക്ക് നിയമാനുസരണം റിലീവ് ചെയ്ത് പോയവർക്കും സൂചന 2 പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് സേനയിൽ പരിശീലനത്തിൽ പങ്കെടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കി പോലീസ് സേനയിൽ സേവനത്തിലേർപ്പെട്ട ശേഷം മറ്റ് സർവ്വീസുകളിൽ പോയവർക്ക്, അവർ ഇതര വകുപ്പുകളിലേയ്ക്ക് പോയി എന്ന

കാരണത്താൽ നിലവിലെ നിയമപ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവും അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ മേൽ വിധം റിലീവ് ചെയ്ത് പോയവർക്ക് അവരുടെ പരിശീലന കാലം ചുവടെ പറയും പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

i 01.07.2014-ൽ, 2014-ലെ ശമ്പള പരിഷ്ക്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ (pre-revised) 200/- രൂപ പേഴ്സണൽ പേ, ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചും

ii പരിശീലനകാലം പെൻഷനും ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിന് പരിഗണിച്ചും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മധുസൂദനൻപിള്ള ജി
ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം (ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അനുമതിയുണ്ട്)
3. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
6. എല്ലാ വകുപ്പ് മേധാവികൾക്കും
7. നിയമം/ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
8. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് ( പ്രസിദ്ധീകരണത്തിന്)
9. ധനകാര്യവകുപ്പ് (അ.ഓ.ഫയൽ നമ്പർ 95098/റൂൾസ് എ1/15/ധന. തീയതി 09.03.2016)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ